# പ്രളയബാധിത പ്രദേശങ്ങളിൽ സ്വീകരിക്കേണ്ട പകർച്ചവ്യാധി നിയന്ത്രണ കർമ്മ പരിപാടി

| ക്രമ നമ്പർ | പ്രവർത്തന മേഖല | പ്രവർത്തനം | സംഘാടനം | പ്രവർത്തന കാലഘട്ടം |
|---|---|---|---|---|
| 1 | ശുചീകരണം | **എ)** കെട്ടികിടക്കുന്ന മാലിന്യം നീക്കം ചെയ്യുക<br><br>**ബി)** മാലിന്യം നീക്കം ചെയ്യുന്ന സ്ഥലങ്ങളിൽ അണു നശീകരണം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ<br><br>സന്നദ്ധ പ്രവർത്തകർ/കുടുംബശ്രീ അംഗങ്ങൾ/ആരോഗ്യസേനാ അംഗങ്ങൾ | വെള്ളം ഇറങ്ങിയ ഉടൻ<br><br>ശുചീകരണം കഴിഞ്ഞ ഉടൻ |
| 2 | ജലജന്യരോഗ പ്രതിരോധം | **എ)** ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ<br><br>**ബി)** കുടിവെള്ള സ്രോതസ്സുകൾ ശുദ്ധീകരിക്കുക<br><br>**സി)** ക്ലോറിൻ ഗുളിക വിതരണവും ഉപയാഗക്രമവും പരിശീലനവും<br><br>**ഡി)** ഒ.ആർ.എസ്. ഡിപ്പോ ക്രമീകരണം<br><br>**ഇ)** ജലജന്യരോഗം ഉള്ളവരുടെ രക്തം/മലം/റെക്ടൽ സ്വാബ് പരിശോധന ഉറപ്പാക്കുക<br><br>**എഫ്)**കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന | വാട്ടർ അതോറിറ്റി/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ<br><br>ആശാ പ്രവർത്തകർ/ ആരോഗ്യപ്രവർത്തകർ/ ആരോഗ്യസേനാ പ്രവർത്തകർ<br><br>ആശാ പ്രവർത്തകർ/ ആരോഗ്യപ്രവർത്തകർ/ ആരോഗ്യസേനാ പ്രവർത്തകർ<br><br>ആരോഗ്യപ്രവർത്തകർ<br><br>ചികിത്സിക്കുന്ന ഡോക്ടർ/സ്ഥാപന മേലധികാരി<br><br>വാട്ടർ അതോറിറ്റി/ ഭക്ഷ്യസുരക്ഷാവകുപ്പ് | വെള്ളം ഇറങ്ങിയ ഉടൻ<br><br>വെള്ളം ഇറങ്ങിയ ഉടൻ/ ആദ്യ ആഴ്ച്ചയിൽ ഒന്നിടവിട്ട ദിവസങ്ങൾ. തുടർന്ന് ആഴ്ച്ചയിൽ രണ്ട് പ്രാവശ്യം വീതം രണ്ട് മാസം വരെ<br><br>വെള്ളം ഇറങ്ങിയ ഉടൻ<br><br>വെള്ളം ഇറങ്ങിയ ഉടൻ 10 മുതൽ 15 വീടുകൾക്ക് ഒരു ഡിപ്പോ എന്ന ക്രമത്തിൽ<br><br>രോഗം റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക്<br><br>അവശ്യ ഘട്ടങ്ങളിൽ |
| 3 | എലിപ്പനി നിയന്ത്രണം | **എ)** ഡോക്സിസൈക്ലിൻ പ്രതിരോധ മരുന്ന് വിതരണം | ആരോഗ്യ പ്രവർത്തകരുടെ മേൽനോട്ടത്തിൽ ആശാ പ്രവർത്തകർ/ ആരോഗ്യസേനാ പ്രവർത്തകർ | വെള്ളപ്പൊക്കാരംഭം മുതൽ |

| | | | | |
|---|---|---|---|---|
| | | **ബി)**സ്വയം ചികിത്സാ ഒഴിവാക്കുന്നതിനും ഡോക്ടറുടെ സേവനം തേടുന്നതിനുമുള്ള ബോധവത്ക്കരണം<br><br>**സി)** മരുന്നുകളുടെയും അനുബന്ധ ഉപാധികളുടെയും ലഭ്യത ഉറപ്പാക്കുക<br><br>**ഡി)** ചികിത്സാ മാർഗ്ഗരേഖ ലഭ്യമാക്കൽ, സർക്കാർ സ്വകാര്യ ഡോക്ടർമാർക്ക് പുന പരിശീലനം<br><br>**ഇ)** ആരോഗ്യ സ്ഥാപനങ്ങളുടെ ശാക്തീകരണം | ആശാ പ്രവർത്തകർ/ ആരോഗ്യപ്രവർത്തകർ/ ആരോഗ്യസേനാ പ്രവർത്തകർ<br><br>സ്ഥാപന മേലധികാരികൾ<br><br>ഡി.എം.ഒ/ഡി.എസ്.ഒ/ ഡി.ഇ.എം.ഒ<br><br>ഡി.എം.ഒ/സ്ഥാപന മേധാവി | വെള്ളപ്പൊക്കാരംഭം മുതൽ<br><br>അവശ്യ ഘട്ടങ്ങളിൽ<br><br>അവശ്യ ഘട്ടങ്ങളിൽ |
| 4 | ഭക്ഷ്യവിഷബാധ തടയൽ | **എ)** അംഗനവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ<br><br>**ബി)** അംഗനവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ വെള്ളം കയറി ഭക്ഷണ പദാർത്ഥങ്ങൾ കോടായിട്ടുണ്ടെങ്കിൽ ആയത് സുരക്ഷിതമായി നശിപ്പിക്കുകയും നല്ലത് ഉറപ്പാക്കുകയും ചെയ്യുക<br><br>**സി**) വെള്ളം കയറിയ വീടുകളിൽ സൂക്ഷിച്ചിരുന്ന ഭക്ഷണ പദാർത്ഥങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പാക്കൽ | പി.എച്ച്.സി ടീം/ ഭക്ഷ്യ സുരക്ഷാ വിഭാഗം<br><br>സാമൂഹ്യനീതി വകുപ്പ്/ വിദ്യാഭ്യാസ വകുപ്പ്<br><br>ആശാ പ്രവർത്തകർ/ ആരോഗ്യപ്രവർത്തകർ/ ആരോഗ്യസേനാ പ്രവർത്തകർ / അംഗൻവാടി പ്രവർത്തകർ | വെള്ളം ഇറങ്ങിയ ഉടൻ<br><br>മുകളിൽ പറഞ്ഞ പരിശോധനയ്ക്ക് ശേഷം<br><br>വെള്ളം ഇറങ്ങിയ ഉടൻ |
| 5 | മറ്റസുഖങ്ങൾ | **എ**) വളം കടി രോഗബാധിതരായവർക്കെല്ലാം ക്ലോട്രീമസോൾ ക്രീം, ജംഗ്ഷൻ വയലറ്റ്, ആന്റിബയോട്ടിക് (പ്രമേഹരോഗികൾക്ക്) എന്നിവ ഉപയോഗിച്ച് ചികിത്സയും ബോധവത്ക്കരണവും നൽകുകയും ചെയുക. | മെഡിക്കൽ ഓഫീസറുടെ മേൽ നോട്ടത്തിൽ ആശാ പ്രവർത്തകർ/ ആരോഗ്യപ്രവർത്തകർ/ ആരോഗ്യസേനാ പ്രവർത്തകർ | അവശ്യഘട്ടങ്ങളിൽ |

| | | | | |
|---|---|---|---|---|
| | | **ബി**) ചെങ്കണ്ണ് ചികിത്സ ബോധവത്ക്കരണം | മെഡിക്കൽ ഓഫീസറുടെ മേൽ നോട്ടത്തിൽ ആശാ പ്രവർത്തകർ/ ആരോഗ്യപ്രവർത്തകർ/ ആരോഗ്യസേനാ പ്രവർത്തകർ | അവശ്യഘട്ടങ്ങളിൽ |
| | | **സി**) ചിക്കൻപോക്സ്- മാറ്റി പാർപ്പിക്കൽ , ചികിത്സ, ബോധവത്ക്കരണം | മെഡിക്കൽ ഓഫീസറുടെ മേൽ നോട്ടത്തിൽ ആശാ പ്രവർത്തകർ/ ആരോഗ്യപ്രവർത്തകർ/ ആരോഗ്യസേനാ പ്രവർത്തകർ | അവശ്യഘട്ടങ്ങളിൽ |
| 6 | കൊതുകുജന്യരോഗ നിയന്ത്രണം | **എ**) ഡി.വി.സി.യൂണിറ്റ് ജീവനക്കാരുടെ പ്രത്യേക അവലോകനയോഗം | ഡി.എസ്.ഒ/ബയോളജിസ്റ്റ്, ടെക്നിക്കൽ എന്നിവരുടെ നേതൃത്വത്തിൽ | വെള്ളം ഇറങ്ങിയ ഉടൻ |
| | | ബി) വെള്ളം കയറിയ പ്രദേശങ്ങളിലെ കൂത്താടി നിരീക്ഷണവും കൊതുക് സാന്ദ്രത പഠനവും | ബയോളജിസ്റ്റ്/ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | വെള്ളം ഇറങ്ങി ഒരാഴ്ച്ചയ്ക്ക് ശേഷം |
| | | **സി**)ഫോഗിംഗ് സ്ക്വാഡ് | ഡി.വി.സി.യൂണിറ്റ് ആരോഗ്യപ്രവർത്തകർ | ആവശ്യാനുസരണം |
| | | **ഡി**) കൊതുകുകളുടെ ശേഖരണം തിരിച്ചറിയൽ | ഇൻസെക്ട് കളക്റ്റർ ഡി.വി.സി.യൂണിറ്റ് | വെള്ളം ഇറങ്ങി ഒരാഴ്ച്ചയ്ക്ക് ശേഷം |
| | | **ഇ**) കെട്ടികിടക്കുന്ന മലിനജലത്തിൽ കീടനാശിനി തളിക്കൽ | ബയോളജിസ്റ്റ് | ആവശ്യാനുസരണം |
| | | **എഫ്**) വാർഡ്തല കൊതുക്/കൂത്താടി സാന്ദ്രതാ പഠനം | പി.എച്ച്.സി ടീം, ഡി.വി.സി. യൂണിറ്റ് ടീം | ആവശ്യാനുസരണം |
| | | **ജി**) വാർഡ്തല കൊതുക്/കൂത്താടി പഠനത്തിന്റെ ക്രോസ് ചെക്കിംഗ് | ഡി.വി.സി.യൂണിറ്റ് ടീം, സംസ്ഥാന എന്റമോളജി ടീം | ആവശ്യാനുസരണം |
| | | **എച്ച്**) ഉണക്ക് ദിനാചരണം (ഡ്രൈഡെ) | വീട്ടുടമസ്ഥർ, | എല്ലാ ഞായറാഴ്ച്ചയും |

| | | | | |
|---|---|---|---|---|
| | | <br><br><br>**ഐ**) ഗപ്പി മീനുകളുടെ വിതരണം | സ്ഥാപനങ്ങൾ,<br>സ്കൂളുകൾ<br><br>പി.എച്ച്.സി ടീം, ഡി.വി.സി. ടീം | എല്ലാ ശനിയാഴ്ച്ചയും<br>എല്ലാ വെള്ളിയാഴ്ച്ചയും<br><br>ആവശ്യാനുസരണം |
| 7 | മറ്റാരോഗ്യപ്രശ്നങ്ങൾ | **എ**) പാമ്പുകടി - പ്രാഥമിക ചികിത്സാ ബോധവത്ക്കരണം<br><br>**ബി**) പാമ്പുകടി - രോഗികളെ ചികിത്സാ കേന്ദ്രങ്ങളിലെത്തിക്കൽ (ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ്)<br><br>**സി**) വൈദ്യുതാഘാതം - വെള്ളം കയറി കേടായ ഇലക്ട്രിക് ഉപകരണങ്ങളിൽ നിന്നുള്ള വൈദ്യുതാഘാതം തടയുന്നതിനുള്ള ബോധവത്ക്കരണം<br><br>**ഡി**)പാലിയേറ്റീവ് /അഗതികൾ എന്നിവരുടെ പ്രത്യേക നിരീക്ഷണം | ആശാ പ്രവർത്തകർ/ ആരോഗ്യപ്രവർത്തകർ/ ആരോഗ്യസേനാ പ്രവർത്തകർ<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ / ആരോഗ്യപ്രവർത്തകർ , 108 ആംബുലൻസ് സേവനം ലഭ്യമാക്കൽ<br><br>ആശാ പ്രവർത്തകർ/ ആരോഗ്യപ്രവർത്തകർ/ ആരോഗ്യസേനാ പ്രവർത്തകർ<br><br>വാർഡ് മെമ്പർ, പാലിയേറ്റീവ് ടീം, ആശാ പ്രവർത്തകർ | വെള്ളം ഇറങ്ങിയ ഉടൻ<br><br>ആവശ്യാനുസരണം<br><br>വെള്ളം ഇറങ്ങിയ ഉടൻ<br><br>ആവശ്യാനുസരണം |
| 8 | മാനസിക സംഘർഷം | പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കൽ | നോഡൽ ഓഫീസർ, ജില്ലാ മാനസികാരോഗ്യ പരിപാടി | ആവശ്യാനുസരണം |
| 9 | ജീവിതശൈലീരോഗ നിയന്ത്രണം | നിലവിൽ ജീവിതശൈലീ രോഗമുള്ളവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ | ആശ പ്രവർത്തകർ/ ആരോഗ്യ പ്രവർത്തകർ | ആവശ്യാനുസരണം |
| 10 | ബോധവത്ക്കരണ -ശീലവത്ക്കരണ പ്രവർത്തനങ്ങൾ | **എ**) വാർഡ്തല ക്ലാസുകൾ, ഗ്രൂപ്പ് ചർച്ചകൾ, ലഘുലേഖ പോസ്റ്റർ പ്രദർശനം<br><br>**ബി**) വ്യക്തിഗത ആശയവിനിമയം, ഭവന സന്ദർശന സമയത്ത് | മെഡിക്കൽ ഓഫീസർ, ആരോഗ്യപ്രവർത്തകർ<br><br>ആശാ പ്രവർത്തകർ, ആരോഗ്യസേനാ പ്രവർത്തകർ | ആവശ്യാനുസരണം<br><br>നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി |
| 11 | രോഗനിരീക്ഷണവും റിപ്പോർട്ടിംഗും | **എ**) പി.എച്ച്.സി മുതൽ ജില്ല വരെ<br><br>**ബി**) രോഗസ്ഥിരീകരണത്തിനായി സാമ്പിളുകളുടെ ശേഖരണവും പരിശോധനയും | ആരോഗ്യപ്രവർത്തകർ<br><br>ആരോഗ്യപ്രവർത്തകർ | നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി<br><br>നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി |

| | | | | |
|---|---|---|---|---|
| 12 | നിയമപരമായ സമീപനം | **എ)** പകർച്ചവ്യാധികൾക്ക് കാരണം സൃഷ്ടിക്കുന്നവർക്കെതിരെ പൊതുജനാരോഗ്യ നിയമപ്രകാരം പ്രാഥമിക നോട്ടീസ് നൽകൽ<br><br>**ബി**) പകർച്ചവ്യാധികൾക്ക് കാരണം സൃഷ്ടിക്കുന്നവർക്കെതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നിയമ നടപടി സ്വീകരിക്കൽ<br><br>**സി**) മാലിന്യസംസ്ക്കരണത്തിൽ വീഴ്ച്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്തീരാജ് നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനോ , ഈ നിയമത്തിലെ 184-ാം വകുപ്പ് പ്രകാരം അധികാരം ആരോഗ്യപ്രവർത്തകർക്ക് കൈമാറുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കത്ത് നൽകൽ | മെഡിക്കൽ ഓഫീസർ, എച്ച്.ഐ, ജെ.എച്ച്.ഐ<br><br>ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, ടി.എ ഗ്രേഡ് 1, ബ്ലോക്ക് മെഡിക്കൽ ഓഫീസർ , ഹെൽത്ത് സൂപ്പർവൈസർ<br><br>ഡി.ഡി. പഞ്ചായത്ത്<br><br>ഡി.ഡി. പഞ്ചായത്തിനുള്ള കത്ത് അതാത് ഡി.എം.ഒ മാർ നൽകേണ്ടതാണ് | ആവശ്യാനുസരണം<br><br>ആവശ്യാനുസരണം<br><br>ആവശ്യാനുസരണം |
| 13 | മറ്റ് പ്രവർത്തനങ്ങൾ | **എ)** അടിയന്തിര ഘട്ടങ്ങളിൽ പ്രവർത്തിക്കുന്നതിനായി മെഡിക്കൽ ടീം രൂപീകരണം<br><br>**ബി**) ജില്ലയിലെ മുഴുവൻ ആരോഗ്യസ്ഥാപനങ്ങളിലും ആവശ്യത്തിന് മരുന്നുകളും ചികിത്സാ സാമഗ്രികളും ലഭ്യമാണെന്ന് ഉറപ്പാക്കൽ<br><br>**സി)** മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ<br><br>**ഡി)** രോഗസ്ഥിതീകരണത്തിന് ലാബുകൾ കാര്യക്ഷമമാക്കൽ | ജില്ലാ മെഡിക്കൽ ഓഫീസർ<br><br>എസ്.വി.ഒ. , കെ.എം.എസ്.സി.എൽ മാനേജർ, സ്ഥാപന മേധാവികൾ, ഫാർമസിസ്റ്റ്<br><br>ഡി.എം.ഒ -യുടെ നേതൃത്വത്തിൽ ഡി.എസ്.ഒ. ഡി.പി.എം., സ്ഥാപന മേധാവികൾ<br><br>സ്ഥാപന മേധാവികൾ | ആവശ്യാനുസരണം<br><br>ആവശ്യാനുസരണം<br><br>ആവശ്യാനുസരണം<br><br>ആവശ്യാനുസരണം |

| | | | | |
|---|---|---|---|---|
| | | **ഇ**) സഞ്ചരിക്കുന്ന ലാബുകളുടെ പ്രവർത്തനം<br><br>**എഫ്**) ജന ആംബുലൻസുകളുടെ പ്രവർത്തനം<br><br>**ജി**) അവധി ദിവസങ്ങളിൽ സ്ഥാപനങ്ങളിൽ അത്യാവശ്യം ജീവനക്കാരുടെ സേവനം ഉറപ്പാക്കൽ | ഡി.പി.എം., ഡി.എൽ.റ്റി<br><br>ഡി.പി.എം.<br><br>ജില്ലാ മെഡിക്കൽ ഓഫീസർ , സ്ഥാപന മേധാവികൾ | ആവശ്യാനുസരണം<br><br>ആവശ്യാനുസരണം<br><br>ആവശ്യാനുസരണം |
| 14 | പ്രധാനമായി ശ്രദ്ധിക്കേണ്ട വസ്തുതകൾ | **എ**) കുട്ടികൾക്കും , പ്രായമുള്ളവർക്കും അസുഖങ്ങൾ ബാധിക്കുമ്പോൾ കിടത്തി ചികിത്സാ കേന്ദ്രങ്ങളുടെ സേവനം ഉറപ്പാക്കുക.<br><br>**ബി**) സ്ഥിരമായി മരുന്നു കഴിക്കേണ്ടുന്ന രോഗികൾക്ക് ആയതിന്റെ ലഭ്യത ഉറപ്പു വരുത്തുക | ആരോഗ്യ പ്രവർത്തകർ, സ്ഥാപന മേധാവികൾ<br><br>ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ | |

അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)
ആരോഗ്യവകുപ്പ് കാര്യാലയം.

14/8/2018